LIBRARY ARCHIVES Kerala Legislative Assembly

അനധികൃത മണൽ ഖനനംമൂലം കേടുപാട് സംഭവിച്ച പാലങ്ങൾ

57 [1467] ശ്രീ. പി. ജെ. ജോയി:

" ടി. എൻ. പ്രതാപൻ:

" ടി. വി. ചന്ദ്രമോഹനൻ:

" എം. എ. ചന്ദ്രശേഖരൻ:

" കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത മണൽവാരൽമൂലം സംസ്ഥാനത്തെ പാലങ്ങൾക്ക് കേടുപാട് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പാലങ്ങൾക്ക് ഈ രീതിയിൽ കേടുപാട് ഉണ്ടായിട്ടുണ്ട്;

(സി) പൂർവ്വർ പാലം എന്നാണ് നിർമ്മിച്ചത്;

(ഡി) ഇതിന്റെ കാലുകൾക്കും കൈപിടികൾക്കും കേടുപാട് വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതുവിധത്തിൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18 എണ്ണം.

(സി) 8-12-1987.

(സി ആന്റ് ഇ) കാലുകൾക്ക് കേടുപാടുകൾ വന്നിട്ടില്ല. കൈവരികൾക്ക് സംഭവിച്ചിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടാമ്പി മണ്ഡലത്തിൽ പി. ഡബ്ല്യു. ഡി. നടത്തുന്ന ജോലി പൂർത്തിയാക്കാൻ നടപടി

58 [1468] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടനുസരിച്ച് പട്ടാമ്പി മണ്ഡലത്തിൽ പി. ഡബ്ല്യു. ഡി.-യെ വർക്ക് നടത്താൻ ഏൽപ്പിച്ച പദ്ധതികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ;

(ബി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടനുസരിച്ച് പട്ടാമ്പി മണ്ഡലത്തിലെ പി. ഡബ്ല്യു. ഡി.-യെ ഏൽപ്പിച്ച പദ്ധതികൾക്ക് ടെണ്ടർ വിളിച്ചിരുന്നുവെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ മുന്നോട്ടുവന്നില്ല. ആയതിനാൽ പ്രാദേശിക കരാറുകാരെ വിളിച്ച് ക്വട്ടേഷൻ സ്വീകരിച്ച് പ്രവൃത്തി തുടങ്ങുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടപടികൾ പൂർത്തിയായാൽ നാലുമാസത്തിനുള്ളിൽ തീർക്കാവുന്നതാണ്.